## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4056**      **20.03.2018 ൽ മറുപടിയ്ക്ക്**

### ജൈവ പച്ചക്കറി കൃഷി ബോധവത്കരണത്തിന് ചെലവഴിച്ച തുക

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബോധവത്കരണം നടത്തുന്നതിലേക്ക് എത്ര രൂപയാണ് ഈ സർക്കാർ ചെലവഴിച്ചത്; വിശദാംശങ്ങൾ നൽകുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബോധവത്കരണം നടത്തുന്നതിലേക്ക് 86.18803 ലക്ഷം രൂപ ചെലവഴിച്ചു. |
| ബി) പ്രസ്തുത തുകയ്ക്ക് ആനുപാതികമായി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | ബി) ഉണ്ട്, 2016-17 -ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2015-16 മായി താരതമ്യം ചെയ്യുമ്പോൾ 2016-17 -ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 97000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിച്ചിട്ടുണ്ട്. |
| സി) നിലവിലുള്ള പത്ത് ശതമാനത്തിൽ നിന്നും ജൈവ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ? | സി) ജൈവ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 330000 പാക്കറ്റ് വിത്തുകൾ, 3 ലക്ഷം തൈകൾ എന്നിവ വിതരണം നടത്തി. നേഴ്സറികളുടെ പ്രോത്സാഹനത്താൽ യഥാസമയം ഗുണമേന്മയുള്ള തൈകൾ വിതരണം ചെയ്യാൻ സാധിച്ചു. പരമ്പരാഗത ഇനങ്ങൾ, റെയിൻ ഷെൽട്ടർ, പോളിഹൗസുകൾ |

എന്നിവ പ്രോത്സാഹിപ്പിച്ചു. ക്ലസ്റ്ററുകൾ മുഖേന പച്ചക്കറി കൃഷി വിസ്തൃതിയും വിളവും വർദ്ധിപ്പിച്ചു. കൃഷി ചെയ്യുവാൻ സ്ഥലമില്ലാത്തവർക്ക് ഗ്രോബാഗുകൾ തയ്യാറാക്കി വിതരണം ചെയ്തു.

കൂടാതെ ഇക്കോഷോപ്പുകൾ, ആഴ്ച്ചച്ചന്തകൾ, ക്ലസ്റ്ററുകൾ മുഖേനയുള്ള മാർക്കറ്റുകൾ, കളക്ഷൻ സെൻററുകൾ എന്നിവ മുഖേന കർഷകരുടെ ഉൽപ്പന്നങ്ങൾ ഫലപ്രദമായി വിൽപ്പന നടത്തുവാൻ കഴിഞ്ഞു. വിളവിന്റെ ഗുണമേന്മ നിലനിർത്തുന്നതിനായി സീറോ എനർജി കൂൾ ചേമ്പർ സജ്ജമാക്കി. അങ്ങനെ പച്ചക്കറികളുടെ നഷ്ടം കുറയ്ക്കുന്നതിന് സഹായിച്ചു.

സെക്ഷൻ ഓഫീസർ